# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

### സെക്യൂരിറ്റി സോണുകൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 5357** 23.05.17- ൽ മറുപടി നൽ കേണ്ടത്

| | ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സെക്യൂരിറ്റി സോണുകൾ ഏതെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 2 (1) (bpa) പ്രകാരം സെക്യൂരിറ്റി സോണുകൾ സംസ്ഥാന ആഭ്യന്തര വകുപ്പ് കാലാകാലങ്ങളിൽ കണ്ടെത്തി അതിർത്തി തിട്ടപ്പെടുത്തി. ആയത് തദ്ദേശ സ്വയംഭരണ വകുപ്പ് വിജ്ഞാപനം ചെയ്ത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വ്യവസ്ഥയുണ്ട്. സമാനമായ വ്യവസ്ഥകൾ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 2(സി.ജി) യിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ സെക്യൂരിറ്റി സോണുകൾ കണ്ടെത്തേണ്ടത് ആഭ്യന്തര വകുപ്പാണ്. |
| (ബി) | നിയമസഭ, രാജ്ഭവൻ, ഹൈക്കോടതി, സെക്രട്ടറിയേറ്റ് തുടങ്ങിയ സ്ഥലങ്ങൾ ഉൾ പ്പെടുന്ന പ്രദേശങ്ങൾ സെക്യൂരിറ്റി സോണുകളാക്കി മാസ്റ്റർ പ്ലാനുകൾ പുതുക്കുവാൻ നടപടി സ്വീകരിക്കുമോ; | | |
| (സി) | കെട്ടിട നിർമ്മാണ അപേക്ഷകൾ ലഭിക്കുമ്പോൾ ഈ പ്രദേശങ്ങളിൽ ഉയരം ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | സെക്യൂരിറ്റി സോണായി കണ്ടെത്തി അത് വിജ്ഞാപനം ചെയ്യുന്ന പക്ഷം, അത്തരം പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണം/പുനർ നിർമ്മാണം/കൂട്ടിച്ചേർക്കൽ/മാറ്റം വരുത്തൽ എന്നിവയ്ക്ക് കെട്ടിടത്തിന്റെ മൊത്തം ഉയരം 10 മീറ്ററിലോ, അല്ലെങ്കിൽ ജില്ലാ കളക്ടർ നിശ്ചയിക്കുന്നതോ (ഏതാണോ കുറവ് അത്) ആയി നിജപ്പെടുത്താനുള്ള വ്യവസ്ഥ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 32(3) ൽ പ്രതിപാദിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മുഖ്യമന്ത്രി, മന്ത്രിമാർ, ഗവർണ്ണർ എന്നിവർ താമസിക്കുന്ന രാജ്ഭവൻ സെക്യൂരിറ്റി സോണിനു ചുറ്റും വൻകിട കെട്ടിടങ്ങൾ ഉയർന്നുവരുന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | രാജ്ഭവൻ സെക്യൂരിറ്റി സോൺ സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുന്ന വിഷയം വകുപ്പിൽ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ